## 2010 - 2011 വർഷത്തിലെ ഒന്നും രണ്ടും വർഷ മാതൃകാ പരീക്ഷക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ക്ലസ്റ്റർ യോഗത്തിൽ 2010 - 2011 അക്കാദമിക വർഷത്തിലെ ഒന്നും രണ്ടും വർഷ മാതൃകാ പരീക്ഷക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കേണ്ടതുണ്ട്.

ചോദ്യപേപ്പർ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഉള്ളടക്കത്തിന്റെയും പാഠ്യപദ്ധതി ഉദ്ദേശ്യത്തിന്റെയും (C.Os) രീതിയുടെയുടെയും (Type) വെയിറ്റേജ് (Weightage), ബ്ളുപ്രിന്റ്, ചോദ്യങ്ങളുടെ വിശകലനം (Questionwise analysis) ഇവ തയ്യാറാക്കേണ്ടതാണ്. ചോദ്യപേപ്പറുകൾ തയ്യാറാക്കുമ്പോൾ വ്യത്യസ്തതല ങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ഉത്തരമെഴുതുവാൻ കഴിയുന്ന വിധത്തിലുള്ള എൻട്രി ലവൽ ചോദ്യങ്ങളുണ്ടായിരിക്കണം.

യോഗത്തിൽ ഒരേ വിഷയത്തിലുള്ള അദ്ധ്യാപകർ രണ്ടു ഗ്രൂപ്പുകളായി തിരിയുകയും ഇതിൽ ഒന്നാമത്തെ ഗ്രൂപ്പ് ഒന്നാം വർഷ ചോദ്യപേപ്പർ തയ്യാറാക്കുകയും രണ്ടാമത്തെ ഗ്രൂപ്പ് രണ്ടാം വർഷ ചോദ്യപേപ്പർ തയ്യാറാക്കുകയും വേണം ചർച്ചയിലൂടെ ആവശ്യമായ ഭേദഗതികൾ വരുത്തി ചോദ്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. അങ്ങനെ സംപുഷ്ടമാക്കപ്പെട്ട ചോദ്യപേപ്പറുകൾ ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശ പ്രകാരം പരീക്ഷാവിഭാഗത്തിന്റെ പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുമ്പോൾ ചോദ്യപേപ്പറിന്റെ അവസാന ഭാഗത്തായി തയ്യാറാക്കിയ അദ്ധ്യാപകരുടെ പേര്, സ്കൂൾ, ക്ലസ്റ്ററിന്റെ പേര് ഇവ ഉൾപ്പെടുത്തേണ്ടതാണ്. തങ്ങളുടെ സ്കൂളിലെ അദ്ധ്യാപകർ ഉൾപ്പെടാത്ത ക്ലസ്റ്ററിൽപ്പെടുന്ന അദ്ധ്യാപകർ തയ്യാറാക്കിയ ചോദ്യപേപ്പറുകളിൽ നിന്നും ഒരെണ്ണം അതത് സ്കൂളിലെ പ്രഥമാധ്യാപകർ തിരഞ്ഞെടുത്ത് മാതൃകാ പരീക്ഷയ്ക്ക് ഉപയോഗിക്കേണ്ടതാണ്. ഫെബ്രുവരി 1 മുതൽ 8 വരെ മാതൃകാ പരീക്ഷകൾ നടത്തേണ്ടതാണ്. ക്ലസ്റ്റർ യോഗത്തിലെ മേൽ വിശദീകരിച്ച നടപടികൾ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർമാർ മേൽ നോട്ടം വഹിക്കേണ്ടതാണ്.

1. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി പഠിതാവ് നേടിയ ആശയധാരണങ്ങൾ വിലയിരുത്തുന്നതരത്തിലായിരിക്കണം ചോദ്യപേപ്പറുകൾ തയ്യാറാക്കേണ്ടത്.

2. പഠിതാവിന്റെ വിവിധ തലങ്ങളെ വിലയിരുത്തുന്ന രീതിയിലും ബഹുമുഖ നിലവാരത്തിൽപ്പെട്ട പഠിതാക്കൾക്ക് ഉത്തരമെഴുതുവാൻ കഴിയുന്നതു മായിരിക്കണം.
3. കേവലമായ ഓർമ്മ പരിശോധന മാത്രം ലക്ഷ്യമാക്കിയുള്ള രീതി ഒഴിവാക്കണം.
4. വിശകലനത്തിനും വിലയിരുത്തലിനും നിഗമനത്തിനും അവസരമൊക്കുന്ന രീതിയിലായിരിക്കണം ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.
5. കൃത്യമായ മാതൃക ആവർത്തിക്കേണ്ടതില്ല. ചോദ്യങ്ങളുടെ എണ്ണവും രീതിയും ക്ലിപ്തപ്പെടുത്താതിരിക്കുന്നതുവഴി അവയെക്കുറിച്ചുള്ള മുൻധാരണങ്ങൾ ഒഴിവാക്കുന്നതിന് ഇതിലൂടെ കഴിയും.
6. ചോദ്യങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കേണ്ടതാണ്.
7. വിദ്യാർത്ഥികൾക്ക് വായിച്ച് എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയുന്ന തരത്തിലുള്ള ലളിതമായ ഭാഷയാണ് അവലംബിക്കേണ്ടത്.
8. ഇംഗ്ലീഷിലുള്ള ചോദ്യങ്ങളുടെ ആശയങ്ങൾ വ്യക്തമായി പ്രതിഫലിക്കുന്ന തലത്തിലുള്ള കൃത്യമായ മലയാള തർജ്ജിമ നൽകിയിരിക്കണം.
9. വിവാദങ്ങൾ ക്ഷണിച്ചു വരുത്തുവാനിടയാക്കുന്ന തരത്തിൽ, ജാതി, മതം, സംഘടനകൾ, കമ്പനികൾ അറിയപ്പെടുന്ന വ്യക്തികൾ പത്രങ്ങൾ തുടങ്ങിയവയുടെ പേരുകൾ ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ കർശനമായും ഒഴിവാക്കേണ്ടതാണ്.
10. വ്യത്യസ്ത തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ഉത്തരമെഴുതുവാൻ കഴിയുന്ന തരത്തിൽ എൻടി ലവൽ ചോദ്യങ്ങളുണ്ടായിരിക്കണം.
11. പ്രാക്ടിക്കൽ ഉള്ള നോൺ വൊക്കേഷണൽ വിഷയങ്ങൾക്ക് 2 മണിക്കൂറും പ്രാക്ടിക്കൽ ഇല്ലാത്ത നോൺ വൊക്കേഷണൽ വിഷയങ്ങൾക്കും എല്ലാ വൊക്കേഷണൽ വിഷയങ്ങൾക്കും രണ്ടര മണിക്കൂറുമാണ് പരീക്ഷാ സമയം. കൂൾ ഓഫ് സമയം 15 മിനിറ്റാണ്.

*(Sd/-)*

**സെക്രട്ടറി**